൨൭—൩—൫൭ മുതൽ ൪—൭—൫൭ വരെ
൧൧—൭—൫൭ മുതൽ ൨൪—൭—൫൭ വരെ

(സി) മന്ത്രിയുടെ ക്യാമ്പിൽനിന്നും അടിയന്തിരമായി വല്ല കമ്പികളൊ മറ്റൊ കിട്ടിയാൽ ഉടൻ വേണ്ടതു ചെയ്യേണ്ടതിലേക്കായി മന്ത്രിയുടെ ഗുമസ്തന്മാരും, ശിപായികളും, മന്ത്രിയുടെ പേഴ്സനൽ സ്റ്റാഫ് ആപ്പീസ്സിൽ ജോലി നോക്കിയിട്ടുണ്ട്. ഗവൺമെണ്ടുകാര്യമായി പോകുന്ന അവസരങ്ങളിൽ ക്യാമ്പ്ക്ലാർക്കും ശിപായിയും മന്ത്രിയെ അനുഗമിക്കാറുണ്ട്.

ERNAKULAM-VYPEEN BRIDGE—PARTICULARS REGARDING

102. ചൌധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവായി മറുപടി പറയുമോ.—

(എ) എറണാകുളവും വൈപ്പിൻകരയും തമ്മിൽ ബന്ധിക്കുവാനുള്ള പാലങ്ങളുടെ പണി എത്രത്തോളമായി;

(ബി) സ്കീം തയ്യാറാക്കി അക്വിസിഷൻ തുടങ്ങിയോ;

(സി) ഇല്ലെങ്കിൽ എന്നു തുടങ്ങും?

റാവു സാഹിബ് കെ. അയ്യപ്പൻ:

(എ), (ബി) & (സി) ഈ സ്കീമിനെപ്പറ്റിയുള്ള അന്വേഷണം (investigation) തുടങ്ങിയിട്ടുണ്ട്. ൧൯൫൨ ചിങ്ങത്തിൽ അതു കഴിയുമെന്നാണ് ഉദ്ദേശിക്കുന്നതു. അതിനു ശേഷം വേണം അക്വിസിഷൻ മുതലായവയെപ്പറ്റി തീരുമാനിക്കുവാൻ.

STIPEND TO THE TEACHERS STUDYING IN THE GOVERNMENT TRAINING INSTITUTE

104. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി നൽകുമോ.—

(എ) ഗവൺമെണ്ടു് ട്രെയിനിംഗ് ഇൻസ്റ്റിട്ടൂഷനിൽ പഠിക്കുന്ന അദ്ധ്യാപക വിദ്യാർത്ഥികൾക്കു സ്റ്റൈപ്പൻറ നൽകുന്നതിനു സമുദായ പ്രാതിനിദ്ധ്യമൊ സമ്പ്രദായമൊ മാനദണ്ഡമായി അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഓരോ സമുദായത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾക്കാണ് ൧൯൫൨—൧൯൫൩ എന്നീ വിദ്യാഭ്യാസ വർഷങ്ങളിൽ സ്റ്റൈപ്പൻറ നൽകിയതു;

(സി) അവരിൽ ഓരോരുത്തരുടേയും സമ്പ്രദായമെത്ര;

(ഡി) അവരിൽ ഏറ്റവും കുറഞ്ഞ സമ്പ്രദായക്കാരനിലും കൂടുതൽ സമ്പ്രദായമുള്ളവർ സ്റ്റൈപ്പൻറ ലഭിക്കാത്തവരിൽ ഉണ്ടായിരുന്നോ;

(ഇ) ഉണ്ടെങ്കിൽ എത്ര പേർ;

(എഫ്) സ്റ്റൈപ്പൻറ് അനുവദിക്കുന്നതു് ആരാണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ട്രെയിനിംഗിനു സ്റ്റൈപ്പൻറ കൊടുക്കുവാനുള്ള വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ സമുദായ പ്രാതിനിദ്ധ്യം കണക്കാക്കാറില്ല. സർക്കാർ അദ്ധ്യാപകന്മാർക്കു സമ്പ്രദായം, പ്രൈവറ്റസ്കൂൾ അദ്ധ്യാപകന്മാർക്ക് അവരുടെ സ്കൂളിലെ ട്രെയിനിംഗ് കഴിഞ്ഞതും കഴിയാത്തവരുമായ അദ്ധ്യാപകന്മാരുടെ എണ്ണത്തേയും സമ്പ്രദായംകൂടി കണക്കാക്കിയാണ് സ്റ്റൈപ്പൻറ കൂടി തിരഞ്ഞെടുക്കുന്നതു.

(ബി) സരസ്വതബ്രാഹ്മണൻ.

ക്രിസ്ത്യാനി	൫	....	....
തിയ്യൻ	൨൫	....	൨൫
നായർ	൩൩	....	൫൫
പിള്ള	൫൦	....	൫൩
അമ്പലവാസി	൨	....	....
ക്ഷത്രിയ	൩	....	൫
വിലക്കത്തലവൻ	൫	....	൫
മുസ്ലീം	....	....	൫
എഴത്തച്ഛൻ	....	....	൫
ബ്രാഹ്മണൻ	....	....	൫
	....	....	൨
ആകെ	൪൫	....	൫൫

LIBRARY ARCHIVES Kerala Legislative Assembly